കൂട്ടുനിന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വീടു പുതുക്കി പണിയാൻ പോലീസ് സംരക്ഷണം നൽകിയിട്ടുണ്ട്.

കസ്റ്റഡി മരണം

76 (3005)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 1-ന് ശേഷം ജൂൺ 30വരെ പോലീസ് കസ്റ്റഡിയിലെടുത്ത ഏതെങ്കിലും പ്രതികൾ കസ്റ്റഡിയിൽ വച്ച് മരിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ്;

(ബി) ഇവ ലോക്കപ്പ് മരണമായിട്ടാണോ അതോ സാധാരണ മരണമായിട്ടാണോ പോലീസ് കേസ്സെടുത്തിട്ടുള്ളത്;

(സി) കീഴ്വായ്പ്പൂർ പോലീസ് കസ്റ്റഡിയിലെടുത്ത മോഹനൻ മരിച്ചതിനെ സംബന്ധിച്ച് ഐ.പി.സി. 302-ാം വകുപ്പ് അനുസരിച്ച് ആർക്കെല്ലാം എതിരെയാണ് കേസ്സെടുത്തിട്ടുള്ളത്;

(ഡി) ഇതിന്മേൽ ഇതുവരെ പോലീസ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) മോഹനന്റെ മരണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഓരോ കേസ്സും ഏത് വകുപ്പ് പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; ആരെല്ലാമാണ് പ്രതികൾ?

ഉത്തരം

(എ) 1999 ജനുവരി 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവിൽ പോലീസ് കസ്റ്റഡിയിലെടുത്ത പ്രതികളിൽ കൊല്ലം ജില്ലയിൽ കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ മദ്യപിച്ച് അബോധാവസ്ഥയിൽ കസ്റ്റഡിയിലെടുത്ത ചന്ദ്രമോഹൻ എന്നയാൾ 25-4-1999ലും പത്തനംതിട്ട ജില്ലയിൽ കീഴ്വായ്പ്പൂർ പോലീസ് സ്റ്റേഷനിൽ മാലമോഷണം നടത്തിയതിന് നാട്ടുകാരുടെ മർദ്ദനമേറ്റ നിലയിൽ, കസ്റ്റഡിയിലെടുത്ത മോഹനൻ എന്നയാളെ കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുപോകുന്ന വഴിയിൽ 30-6-1999ലും മരിച്ചുപോയിട്ടുണ്ട്. ലോക്കപ്പ് മരണമല്ല.

(ബി) അസ്വാഭാവിക മരണത്തിന് എടുത്ത പ്രസ്തുത കേസ്സുകൾ സംസ്ഥാന ക്രൈംബ്രാഞ്ച് പോലീസ് അന്വേഷിച്ചുവരുന്നു.

(സി)-(ഇ) മോഹനന്റെ മരണവുമായി ബന്ധപ്പെട്ട് ഐ.പി.സി.യിലെ 143, 147, 148, 149, 302 എന്നീ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സാണ് നിലവിലുള്ളത്. കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly